**1002** **A**

# SAMAGRA SHIKSHA - KERALA

## രണ്ടാം പാദവാർഷിക മൂല്യനിർണയം-2018-19

## കേരളപാഠാവലി

സ്റ്റാന്റേർഡ് X

സമയം : $1\frac{1}{2}$ മണിക്കൂർ
ആകെ സ്കോർ : 40

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.** **(4x1=4)**

1. "വിക്രയമില്ലെന്നാകിലെന്തെടോ?
വയ്ക്ക ചൂതിനായെന്നെപ്പണയം" -
കലി ഇവിടെ പ്രയോഗിക്കുന്ന തന്ത്രം എന്ത്?

- പുഷ്കരന്റെ വിശ്വാസമാർജിക്കൽ
- താൻ സമ്പന്നനാണെന്നു ബോധ്യപ്പെടുത്തൽ
- പുഷ്കരന് ജീവിതമാർഗമുപദേശിക്കൽ
- തന്റെ നിഷ്കളങ്കത വ്യക്തമാക്കൽ.

2. "ഗുരുഘ്ലാതികൾക്ക് കുലപാംസന ലോകങ്ങളില്ല." 'ഗുരുഘ്ലാതി' എന്ന പദത്തിന്റെ വിഗ്രഹരൂപമെഴുതുക.

- ഗുരുവും ഘ്ലാതിയും
- ഗുരുവിന്റെ ഘ്ലാതി
- ഘ്ലാതിയുടെ ഗുരു
- ഗുരുവിനാൽ ഘ്ലാതിക്കപ്പെട്ടവൻ

3. "അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില <u>സരസ്വതീവിലാസങ്ങളും</u> ചേർത്ത് ഞാൻ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതിയയച്ചു."

- അടിവരയിട്ട പ്രയോഗം സന്ദർഭത്തിനുനൽകുന്ന സവിശേഷാർഥം കണ്ടെത്തുക.

- ആത്മസാക്ഷാത്കാരത്തിനു വേണ്ടിയെഴുതി.
- തന്റെ ഭാവനയും ചേർത്തെഴുതി
- ഭാഷാപരമായ മേന്മ നിലനിർത്തിയെഴുതി
- വ്യാകരണത്തെറ്റില്ലാതെയെഴുതി.

4. " കോടി കോടി പുരുഷാന്തരങ്ങളിൽ -
ക്കൂടിനേടിയതാണതിൻ ശക്തികൾ "

ഈ വരികളിൽ നിന്ന് കാവ്യരചനയുമായി ബന്ധപ്പെട്ട് വ്യക്തമാകുന്നത് എന്ത്?

- അലങ്കാരം, ബിംബം തുടങ്ങിയവ കവിതയ്ക്ക് ശക്തി നൽകുന്നു.
- കാവ്യപാരമ്പര്യത്തിന് ദീർഘകാലചരിത്രമുണ്ട്
- കവിതയുടെ ശക്തികുറഞ്ഞുവരുന്നു
- കവിത പുരുഷന്റെ സൃഷ്ടിയാണ്

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 2എണ്ണത്തിന് ഉത്തരമെഴുതുക.** **(2x2=4)**

5. "കുരിശിൽ കിടന്ന് പ്രാണൻ പിടയുമ്പോൾ 'പിതാവേ! ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല, ഇവരോട് പൊറുക്കേണമേ!....." എന്ന് ക്രിസ്തു പ്രാർത്ഥിച്ചത് അന്ന അറിയാതെ ഓർത്തുപോയി."

പാഠസന്ദർഭം ദസ്തയേവ്സ്കിയുടെ ജീവിതവുമായി എപ്രകാരം ചേർന്നു പോകുന്നു.?

6. " ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം"

ദുര്യോധനൻ ഇങ്ങനെ ചിന്തിക്കുന്നതിന് അടിസ്ഥാനമായ രണ്ടു കാരണങ്ങളെഴുതുക.

7. "ചവറുകൾക്കുപകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി ." -അക്കർമാശി

- ലിംബാളെയുടെ ജീവിതസാഹചര്യത്തെ സംബന്ധിച്ച് ഇവിടെ ലഭിക്കുന്ന രണ്ടു സൂചനകളെഴുതുക.

**8 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക.** **(5x4=20)**

8. "ധനവും ധാന്യം നാടുമൊക്കെയും
കൈക്കലാക്കിയവനെ വിടുക വനഭൂവി"

കാവ്യഭാഗം വിശകലനം ചെയ്ത് കലി എന്ന കഥാപാത്രത്തിന് കറുത്ത താടി വേഷമായി നിശ്ചയിച്ചതിലെ ഔചിത്യം വ്യക്തമാക്കുക.

9. "രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ
കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി."

"എനിക്കു ഭീഷ്മരും കർണനും ദ്രോണരും ചെയ്തു തരാത്തത് നിങ്ങൾ മൂന്നു പേരും കൂടി ചെയ്തുതന്നു."

- ഭാരതകർത്താവ് സുയോധനനെന്നും ദുര്യോധനനെന്നും വിരുദ്ധാർഥമായ പേരുകൾ നൽകിയത് ഉചിതമാണെന്ന് ദുര്യോധനന്റെ വാക്കുകളും ചെയ്തികളും തെളിയിക്കുന്നുണ്ടോ? സന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

10. "പ്രകൃതിയുടെ ആത്മാവിൽനിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുകൊണ്ടു നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ്ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു. ആ ഉദയപൂർവ നിമിഷങ്ങളിൽ പ്രപഞ്ചവും താനും മാത്രം!"

- ദസ്തയേവ്സ്കിയുടെ സാഹിത്യജീവിതവുമായി ബന്ധപ്പെടുത്തി ഈ വിവരണം നൽകുന്ന അർഥസൂചനകൾ കണ്ടെത്തിയെഴുതുക.

11. 'അന്ന് ആ ദൂരം മുഴുവനും സന്താമായി നടന്നെത്തിയത് എന്നെയൊന്ന് കാണാൻ മാത്രമായിരുന്നു.'

'എന്റെ സത്യസന്ധത എനിക്ക് നൽകിയ ആനന്ദം ആ മുപ്പത് രൂപയേക്കാൾ എത്രയോ വലുതായിരുന്നു'

- ജീവിത ദുരിതങ്ങളനുഭവിക്കുമ്പോഴും സ്നേഹത്തിലും മൂല്യബോധത്തിലും ഉറച്ച ഒരു ജീവിതം നയിക്കാൻ ലിംബാളെയ്ക്കും സന്താമായിക്കും കഴിയുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയാറാക്കുക.

12. 'ഈയുഗത്തിന്റെ സാമൂഹ്യ ശക്തിഞാൻ
മായുകില്ലെന്റെ ചൈതന്യ വീചികൾ!
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ! '

**- വയലാർ രാമവർമ്മ**

ഈ വരികളിൽ തെളിയുന്ന കവിയുടെ കാഴ്ചപ്പാട് വിശകലനം ചെയ്യുക.

13. " അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി."

"പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ നിഴലായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു."

-കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങളാണ് കടൽത്തീരത്ത് എന്ന കഥയെ മനോഹരമാക്കുന്നത്. ഉചിതമായ മറ്റു സന്ദർഭങ്ങൾകൂടി കണ്ടെത്തി സമർഥിക്കുക.

14 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.
(2x6=12)

14. "ഒരു പക്ഷേ, ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വച്ച് തൂക്കിനോക്കണം." **(അക്കർമാശി)**

'മണ്ണിൽ നിന്നു പിറന്നവർ മണ്ണിനെ
പൊന്നണിയിച്ച സംസ്കാര ശിൽപ്പികൾ '
**(അശ്വമേധം)**

-സാഹിത്യരചനകളെ ആകർഷകമാക്കുന്നത് ജീവിതാവസ്ഥകളുടെ ശക്തമായ ആവിഷ്കാരമാണ്. ഇതിനോടുള്ള നിങ്ങളുടെ പ്രതികരണങ്ങൾ ഉൾപ്പെടുത്തി ലഘൂപന്യാസം തയാറാക്കുക.

15. "തനിക്കുള്ള അനർഘമായ രത്നം പൊയ്പോയാലും എതിരാളിക്ക് മൂലോച്ഛേദം വരുത്തിയേ നിൽക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ പക, പകയെന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ".

- പാഠഭാഗത്തു പരാമർശിക്കുന്ന അശ്വത്ഥാമാവിന്റെ സ്വഭാവ സവിശേഷതകൾ വിലയിരുത്തി കഥാപാത്രനിരൂപണം തയാറാക്കുക.

16. ആസ്വാദനക്കുറിപ്പ് തയാറാക്കുക.

എന്തിനേ കൂടേപ്പോന്നൂ
കവിതേ, എനിക്കില്ലാ
ദന്തഗോപുരം, ദേവ-
ദാരു നിർമ്മിതമഞ്ചം.
ഇട്ടിരിക്കുവാനില്ലാ
പൊൻതടു,ക്കിരുന്നുണ്ണാൻ
ഇല്ല പൊൻതളികയും;
എനിക്കുള്ളതോ വെറും
മൺപുര, മൺപാത്രങ്ങൾ
മൺവീണ, എന്റേതെല്ലാം
മണ്ണിൽ നിന്നുരുവമാർ-
ന്നവ;ഈ ഞാനും വെറും
മണ്ണിൽനിന്നാരോമെന-
ഞ്ഞുയിരാർന്നൊരു ജൻമം!
മണ്ണിൻ നെഞ്ചുരുക്കങ്ങ-
ളൊക്കെയുമെന്റേതുമാം!
എന്നോ ഞാനറിയാതെ
കവിതേ,നീ വന്നെന്റെ
അന്തരംഗത്തിൽ കുടി
പാർത്തു; നീയൊപ്പം പോന്നു.

**കവിതയോട്** **ഒ.എൻ.വി.കുറുപ്പ്**